പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3683 — 24.06.2014-ൽ മറുപടിയ്ക്ക്

# കൂടംകുളത്തുനിന്നുള്ള വൈദ്യുതി വിഹിതം

ചോദ്യം

ശ്രീ. പി. എ. മാധവൻ :

(എ) പുതുതായി കമ്മീഷൻ ചെയ്ത കൂടംകുളം വൈദ്യുതിനിലയത്തിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ ; എങ്കിൽ എത്ര വൈദ്യുതി ലഭിക്കുന്നുണ്ടെന്നറിയിക്കുമോ ;

(ബി) കൂടംകുളത്തുനിന്നും വൈദ്യുതി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് ഇപ്പോൾ തടസ്സങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കൂടംകുളം ആണവനിലയത്തിൽ നിന്നും ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതം 15.65 % ആണ്. കൂടംകുളം നിലയത്തിന്റെ ശേഷി (2x1000 MW) 2000 MW ആണ്. അതിൽ ഇപ്പോൾ 1000 MW ന്റെ ഒരു ജനറേറ്ററാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്.

കൂടംകുളം നിലയത്തിൽ നിന്നും കേരളത്തിന് ലഭിച്ച വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| 2013-14 വർഷത്തിൽ | 73.3 ദശലക്ഷം യൂണിറ്റ് |
| 2014 ഏപ്രിൽ | 54.86 ദശലക്ഷം യൂണിറ്റ് |
| 2014 മെയ് | 34.65 ദശലക്ഷം യൂണിറ്റ് |

(ബി) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ 400 കെ.വി ലൈൻ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർ ഗ്രിഡ് കോർപ്പറേഷനാണ് (PGCIL) നടപ്പാക്കുന്നത്. പ്രസ്തുത ലൈൻ റൂട്ടിൽ ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ഭാഗം ഒഴിച്ച് തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി ലൈൻ നിർമ്മാണവും

പള്ളിക്കരയിൽ ഒരു 400 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കര വരെയുള്ള ലൈൻ റൂട്ടിൽ ലൈൻ വലിക്കുന്നതിനെതിരെയുള്ള എതിർപ്പുകൾ മൂലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രശ്നങ്ങൾ പരിഹരിച്ച് ലൈൻ നിർമ്മാണം പുനരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ.